# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2185 | 11.06.2018 ൽ മറുപടിക്ക്

## പുതിയ തസ്തികകൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിലും സാമൂഹ്യ നീതിവകുപ്പിലും എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിലും ആയുഷ് വകുപ്പിലുമായി 4271 തസ്തികകളും സാമൂഹ്യനീതി വകുപ്പിൽ 40 തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആശുപത്രികളെ രോഗീസൗഹൃദ ആശുപത്രികളാക്കി മാറ്റുന്നതിന് ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ഒ.പി.സേവനങ്ങൾ രോഗീസൗഹൃദമാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 170 പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഇതിൽ 144 കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 17 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതിലേക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ 150 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളിലേക്കുള്ള നിയമനം ജില്ലാതലത്തിൽ നടന്നു വരികയാണ്.<br><br>ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി അധിക ഒ.പി.കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് കൗണ്ടർ, മറ്റു സംവിധാനങ്ങൾ എക്സിറ്റ് കൗണ്ടർ ആവശ്യമായ ഇരിപ്പിടം, കുടിവെള്ളം, ടോയലറ്റ് സൗകര്യം, സൈനേജുകൾ, ഡിസപ്ലേബോർഡുകൾ, ആരോഗ്യബോധവത്കരണ സംവിധാനങ്ങൾ, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന മുറികൾ കമ്പ്യൂട്ടറൈസ്ഡ് ഒ.പി.എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം നേഴ്സ് പ്രീ ചെക്കും കൗൺസിലിങ്ങും വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ ലബോറട്ടറി |

സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പ് വരുന്നു. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്ക്' മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്'എന്നീ സൗകര്യങ്ങളും ഉറപ്പു വരുത്തുന്നു.

2017-18 ലെ പ്ലാൻ ഫണ്ടിൽ 23 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എൻഎച്ച്.എം.വഴി അംഗീകൃത ഏജൻസികൾ മുഖാന്തിരം നടന്നു വരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കെ.എം.എസ്.സി.എൽ. വഴി നടന്നു വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കുള്ള 4.845 കോടി രൂപയുടെ അധിക ഉപകരണങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ വഴി വാങ്ങി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻഫണ്ടിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യത്തിനായി 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ജില്ല താലൂക്ക് തല ആശുപത്രികളെ നിശ്ചിതമാനദണ്ഡത്തോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി ഒ.പി.വിഭാഗങ്ങൾ ജനസൗഹൃദമാക്കാനുള്ള നടപടികൾ (ഒ.പി.ട്രാൻസ്ഫർമേഷൻ) ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം അധിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ. തസ്തിക സൃഷ്ടിച്ച് ഡോക്ടർമാർ അടക്കമുള്ള വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കൽ എന്നിവ നടന്നു വരുന്നു. ആർദ്രം പദ്ധതി തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഒ.പി.വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളോടെ രോഗീസൗഹൃദമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 24.1672 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ആവശ്യത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ 15 കോടി രൂപ എൻ.എച്ച്.എം.ലേക്ക് കൈമാറുകയും അംഗീകൃത ഏജൻസി ഡി.പി.ആർ. തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ആർദ്രം പദ്ധതിയുടെ ഭാഗമായി

തെരെഞ്ഞെടുക്കപ്പെട്ട 17 ജില്ലാതല ആശുപത്രികളിലും 75 താലൂക്ക് തല ആശുപത്രികളിലുമായി ആയതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവയ്ക്കായി 505 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയും, സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എം.പി./എം.എൽ.എ. ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവ വഴി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കിഫ്ബി മുഖേന പത്ത് കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റിന് (ആരോഗ്യ വകുപ്പിൽ 8-ഉം, മെഡിക്കൽ കോളേജിൽ 2-ഉം) ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ 44 എണ്ണം തുടങ്ങുന്നതിന് 69 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റിന് അനുമതി ലഭിച്ച 80 കോടി രൂപയുടെയും പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ